ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതി

113 (5003) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ബാബു :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സ്ദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽനിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രസ്തുത പദ്ധതിക്ക് എന്നാണ് തുടക്കം കുറിച്ചത് ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയ ശേഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി എത്ര പേർക്ക് ഇതു വരെ തൊഴിലവസരം പ്രദാനം ചെയ്യാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്തുമോ ;

(ഡി) 2009-10 വർഷത്തിൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലൂടെ എത്ര കോടി രൂപ വരുമാനം ഉണ്ടാക്കുമെന്നാണ് കണക്കാക്കിയിരുന്നത് ;

(ഇ) പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ ഈ കാലയളവിൽ എന്ത് വരുമാനം നേടാനായി എന്ന് അറിയിക്കുമോ ;

(എഫ്) 2010-11 വർഷത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ സംസ്ഥാനത്തെ ഏതൊക്കെ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ?

ഉത്തരം

(എ) ഡാമുകളിൽ അടിഞ്ഞുകൂടിക്കിടക്കുന്ന എക്കലും മണലും നീക്കം ചെയ്യുന്നതിനായി പദ്ധതി നടപ്പിലാക്കിവരികയാണ്. നിലവിൽ അരുവിക്കര, മലമ്പുഴ, ചുള്ളിയാർ, വാളയാർ എന്നീ ഡാമുകളിൽനിന്നും മണൽ ഖനനം ചെയ്തുവരികയാണ്. ഇതിന്റെ പുരോഗതി വിലയിരുത്തുന്നുണ്ട്.

(ബി) ഡാമുകളിൽ നിന്നും മണൽ ഖനനം ചെയ്യുന്ന പദ്ധതി ഡിസംബർ 2009 മുതൽ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു.

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയശേഷം മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെടുത്തി 970 പേർക്ക് ഇതുവരെ തൊഴിലവസരം പ്രദാനം ചെയ്യാൻ കഴിഞ്ഞു.

(ഡി) 300 കോടി രൂപയുടെ വരുമാനം ഉണ്ടാകുമെന്ന് കണക്കാക്കിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ കാലയളവിൽ മണൽ ഖനനത്തിലൂടെ 56,22,750 രൂപയുടെ വരുമാനം ഉണ്ടായി.

(എഫ്) 2010-11 സാമ്പത്തിക വർഷത്തിൽ ഡാമുകളിൽ നിന്നും എക്കലും മണലും നീക്കം ചെയ്യുന്നതിന് കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനെ താഴെപ്പറയുന്ന ഡാമുകളുടെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്.

മലമ്പുഴ	പൂമല
ചുള്ളിയാർ	വാഴാണി
പീച്ചി	ലോവർ പെരിയാർ
വാളയാർ	പോത്തുണ്ടി
മീൻകര	പഴശ്ശി

സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

114 (5004) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസവുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക രിച്ചിരുന്നത് ; പദ്ധതിയും എസ്റ്റിമേറ്റ് തുകയും എത്രയായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് ; പദ്ധതി യുടെ പേരും ചെലവഴിച്ച തുകയും എത്രയാണെന്ന് വിശദമാക്കുമോ ;

(സി) പൂർത്തിയാക്കാത്ത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താ ണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

വാഴയൂർ കയം നന്നാക്കുന്ന നടപടി

115 (5005) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ 'വാഴയൂർ കയം' നന്നാക്കുന്നതിന് മൈനർ ഇറിഗേഷൻ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. XIV-ൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ച പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly